LIBRARY ARCHIVES Kerala Legislative Assembly

പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽ നിന്ന് രക്ഷിക്കുന്നതിന് നടപടി

125 [1301] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽനിന്ന് രക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ സംക്ഷിപ്ത രൂപം നൽകുമോ;

(ബി) ഇത്തരം പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഇതുവരെ എന്തു തുക ചെലവഴിച്ചു; ഇതുവഴി എന്തു നേട്ടം ഇതുവരെയുണ്ടായി;

(സി) പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനായി ഇനി എന്തു തുക ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) — (സി) വിവരം സമാഹരിച്ച് നൽകുന്നതാണ്.

പരമ്പരാഗത ചെറുകിട - കുടിൽ വ്യവസായങ്ങളുടെ സംരക്ഷണത്തിന് നീക്കിവച്ച തുക

126 [1302] *ശ്രീ. എ. സി. ഷൺമുഖദാസ്:*
,, കെ. പി. മോഹനൻ:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം (2005-2006) പരമ്പരാഗത ചെറുകിട കുടിൽ വ്യവസായങ്ങളുടെ സംരക്ഷണത്തിന് ബഡ്ജറ്റിൽ എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2003-2004, 2004-2005, 2005-2006 (ജൂൺ മാസം വരെ) എത്ര തുക ഈ വ്യവസായങ്ങളുടെ സംരക്ഷണത്തിനായി ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;